കെ.സി ജലീൽ പുളിക്കൽ

ഹദീസ്

# ദീനും ജിഹാദും

عَنْ إبن عُمر رَضِيَ اللّٰهُ عَنْهُ قال رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ إِذَا تَبَايَعْتُمْ بِالْعِينَةِ وَأَخَذْتُمْ أَذْنَابَ الْبَقَرِ وَرَضِيتُمْ بِالزَّرْعِ وَتَرَكْتُمُ الْجِهَادَ سَلَّطَ اللّٰهُ عَلَيْكُمْ ذُلًّا لَا يَنْزِعُهُ حَتَّى تَرْجِعُوا إِلَى دِينِكُمْ (ابوداود، احمد).

**ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു: "നിങ്ങൾ ഒരു കൃഷിയിടം പാട്ടത്തിനെടുത്തു. എന്നിട്ട് കാളകളുടെ വാലും പിടിച്ച് കൃഷിക്കിറങ്ങി. അങ്ങനെ കൃഷിയിൽ സംതൃപ്തരായൊതുങ്ങി ദീനീമാർഗത്തിലുള്ള സമരം കൈ വെടിഞ്ഞു. എങ്കിൽ ഹീനത്വം അല്ലാഹു നിങ്ങൾക്ക് ചാർത്തിത്തരും. നിങ്ങൾ നിങ്ങളുടെ ദീനിലേക്ക് മടങ്ങുന്നതുവരെ അത് നീക്കിത്തരികയില്ല"** (അബൂദാവൂദ്-3462, അഹ്മദ്-4987 എന്നിവർ റിപ്പോർട്ട് ചെയ്തത്. ഹദീസ് സ്വഹീഹാണെന്ന് ശൈഖ് അൽബാനി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു).

ആർക്കും എളുപ്പം ഗ്രഹിക്കാൻ കഴിയുന്ന ഉദാഹരണത്തിലൂടെ ഏറെ ഗൗരവമാർന്ന കാര്യം ഉണർത്തുകയാണ്. കൃഷി മനുഷ്യജീവിതത്തിൽ വളരെ പ്രധാനമാണല്ലോ. ഭക്ഷണത്തിന്റെ മുഖ്യ ആശ്രയം കൃഷിയാണ്. ഇസ്‌ലാം കൃഷിക്ക് വലിയ സ്ഥാനം നൽകിയതും മറ്റൊന്നുകൊണ്ടല്ല. കൃഷി ചെയ്യുന്നത് പുണ്യമായിട്ടാണ് ഇസ്‌ലാം കാണുന്നത്. ഒരാൾ മരം നട്ടുപിടിപ്പിച്ചാൽ, അതിൽനിന്ന് അവൻ ഭക്ഷിക്കുന്നതും പക്ഷിമൃഗാദികൾ ആഹരിക്കുന്നതുമെല്ലാം അയാളുടെ പുണ്യകരമായ പ്രവൃത്തിയായി എണ്ണുമെന്നും അല്ലാഹു അതിന് പ്രതിഫലം നൽകുമെന്നും പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. ലോകാന്ത്യം മുന്നിലെത്തിയാലും കൈയിലുള്ള തൈ നടണമെന്നാണ് നബി(സ) യുടെ നിർദേശം.

കൃഷിയിറക്കാതെ ഭൂമി തരിശാക്കിയിട്ടാൽ ഭരണകൂടം അത് പിടിച്ചെടുത്ത് കർഷകർക്ക് നൽകണമെന്നാണ് ഇസ്‌ലാമിന്റെ കാർഷിക നയം. കൃഷിപ്പണിയിലേർപ്പെട്ട് തഴമ്പു കെട്ടിയ കർഷകന്റെ കൈ ഉയർത്തിപ്പിടിച്ച് പ്രവാചകൻ ആ കൈ ചുംബിച്ചിരുന്നു. ഇങ്ങനെയെല്ലാം കൃഷിയെ പ്രോത്സാഹിപ്പിച്ച പ്രവാചകൻ, ഈ തിരുവചനത്തിലൂടെ നൽകുന്ന മുന്നറിയിപ്പ് ഒരിക്കലും കൃഷിയെ നിരുത്സാഹപ്പെടുത്താനല്ലെന്ന് വ്യക്തം. കൃഷിയിൽ മുഴുകി തന്റെ അസ്തിത്വവും വ്യക്തിത്വവും ദൗത്യവുമെല്ലാം കളഞ്ഞുകുളിക്കുന്നതാണ് അപകടം. അതിനെക്കുറിച്ചാണ് ഈ ഹദീസിൽ മുന്നറിയിപ്പ് നൽകുന്നത്..

വിശുദ്ധ വാക്യമംഗീകരിച്ച് തന്നിൽ അർപ്പിതമായ ബാധ്യത നിർവഹിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്ത ഒരാൾക്ക് എങ്ങനെയാണ് കേവല ഭൗതികനായി മാറാൻ കഴിയുക? അല്ലാഹുവിന്റെ ഏകത്വവും അവന്റെ നിയമവ്യവസ്ഥയും സ്ഥാപിച്ചെടുക്കാൻ താൻ തന്റെ പരമാവധി അധ്വാനം വിനിയോഗിക്കുമെന്ന പ്രതിജ്ഞയാണല്ലോ രണ്ട് ശഹാദത്ത് കലിമകൾ അംഗീകരിക്കുന്നതിലൂടെ സത്യവിശ്വാസി ചെയ്യുന്നത്. ഈ അധ്വാനപരിശ്രമം ഉപേക്ഷിക്കൽ ദീനിനെ ഉപേക്ഷിക്കലാണ് എന്ന് സൂചിപ്പിക്കുകയാണ് 'നിങ്ങൾ ദീനിലേക്ക് മടങ്ങുന്നതുവരെ' എന്ന പ്രയോഗത്തിലൂടെ.

കൃഷി മാത്രമല്ല, കച്ചവടം പോലെ മറ്റേത് സംരംഭങ്ങളാണെങ്കിലും അതിനെല്ലാം ഇത് ബാധകമാണ്. വിശുദ്ധ ഖുർആൻ നൽകുന്ന താക്കീത് നോക്കൂ: "പറയുക: നിങ്ങളുടെ പിതാക്കളും സന്താനങ്ങളും സഹോദരങ്ങളും ഭാര്യമാരും ബന്ധുജനങ്ങളും നിങ്ങൾ സമ്പാദിച്ച മുതലുകളും മുടങ്ങിപ്പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന വ്യാപാരങ്ങളും നിങ്ങൾ തൃപ്തിപ്പെടുന്ന ഭവനങ്ങളുമാണ്, അല്ലാഹുവിനേക്കാളും അവന്റെ ദൂതനേക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തേക്കാളും നിങ്ങൾക്ക് ഏറെ പ്രിയങ്കരമെങ്കിൽ, കാത്തിരുന്നോളൂ അല്ലാഹു അവന്റെ ശിക്ഷാ നടപടി ഇതാ നടപ്പാക്കുകയാണ്. കുറ്റവാളികളായ ജനത്തിന് അല്ലാഹു മാർഗദർശനം നൽകുകയില്ലതന്നെ" (*അത്തൗബ* 24). അതേ, വിശ്വാസികളുടെ മുൻഗണനകൾ ഭൗതിക താൽപര്യങ്ങളുടെ പേരിൽ തകിടം മറിഞ്ഞാൽ ഉന്നത പദവിയിൽനിന്ന് താഴെയിറക്കി അവരെ നീചരും നികൃഷ്ടരുമാക്കും എന്നാണ് ഹദീസ് നൽകുന്ന മുന്നറിയിപ്പ്. അതുതന്നെയല്ലേ ഇന്നത്തെ മുസ്‌ലിം സമൂഹം അനുഭവിക്കുന്ന ദുരന്തവും? ●


Matrimonial

പ്രസ്ഥാന പ്രവർത്തകന്റെ മകൻ (26/5'9"). അജ്മാനിൽ അറബിക് ട്രാൻസ്‌ലേറ്റർ, ദീനീനിഷ്ഠ. കുലീന കുടുംബം. കോഴിക്കോട് ജില്ല. അനുയോജ്യരായ യുവതികളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**7012304559**
**9895080607**